# കേരള സർവകലാശാല

നം. പി.ആർ.038/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### പി.ജി. പ്രൈവറ്റ് രജിസ്ട്രേഷൻ : അപേക്ഷ ഫെബ്രുവരി 25 വരെ

കേരള സർവകലാശാല 2016-17 അക്കാദമിക വർഷത്തിലേയ്ക്ക് 14 പോസ്റ്റ് ഗ്രാജുവേറ്റ് വാർഷിക കോഴ്സുകൾക്ക് പ്രൈവറ്റ് രജിസ്ട്രേഷൻ വഴി അപേക്ഷ ക്ഷണിച്ചു. ഓഫ്ലൈനായാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷ ഫോം സർവകലാശാല ഓഫീസിൽ നിന്ന് നേരിട്ടോ www.keralauniversity.ac.in എന്ന വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്തോ എടുക്കാവുന്നതാണ്. ഡൗൺലോഡ് ചെയ്ത അപേക്ഷ സമർപ്പിക്കുന്നതിന് 100 രൂപ അധികം അടയ്ക്കേണ്ടതാണ്.

കേരള സർവകലാശാലയിൽ നിന്ന് ബിരുദം നേടിയവർ, അപേക്ഷയോടൊപ്പം രജിസ്ട്രേഷൻ ഫീസ്, അഫിലിയേഷൻ ഫീസ്, എസ്.എസ്.എൽ.സി-യുടെയും പ്ലസ് ടു സർട്ടിഫിക്കറ്റിന്റെയും ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഒറിജിനൽ ഡിഗ്രി സർട്ടിഫിക്കറ്റും ഒറിജിനൽ ടി.സി-യും 42 രൂപ സ്റ്റാമ്പ് ഒട്ടിച്ച സ്വന്തം മേൽവിലാസമെഴുതിയ കവറും സഹിതം ഡെപ്യൂട്ടി രജിസ്ട്രാർ III, എക്സാമിനേഷൻസ്, യൂണിവേഴ്സിറ്റി ഓഫീസ്, പാളയം, തിരുവനന്തപുരം എന്ന വിലാസത്തിലോ നേരിട്ട് സർവകലാശാല ഓഫീസിലോ സമർപ്പിക്കാം.

മറ്റ് സർവകലാശാലയിൽ നിന്ന് ബിരുദം നേടിയവർ, മേൽപ്പറഞ്ഞ രേഖകളോടൊപ്പം റെക്കഗ്നിഷൻ, മെട്രിക്കുലേഷൻ ഫോമുകളും അനുബന്ധ ഫീസും മൈഗ്രേഷൻ സർട്ടിഫിക്കറ്റും എലിജിബിലിറ്റി സർട്ടിഫിക്കറ്റും കൂടി സമർപ്പിക്കേണ്ടതാണ്. കാലിക്കറ്റ് സർവകലാശാലയിൽ നിന്ന് ബിരുദം നേടിയവർ റെക്കഗ്നിഷൻ ഫോമും ഫീസും സമർപ്പിക്കേണ്ടതില്ല. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഫെബ്രുവരി 25 (500 രൂപ പിഴയോടെ ഫെബ്രുവരി 28 വരെ). നോട്ടിഫിക്കേഷൻ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

*(കേരളത്തിലെ എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)*

### റിസർച്ച് അസോസിയേറ്റ്, ജൂനിയർ/ സീനിയർ റിസർച്ച് ഫെലോ, ടെക്നിക്കൽ അസിസ്റ്റന്റ് ഒഴിവ്

കേരള സർവകലാശാല കാര്യവട്ടം ഇന്റർനാഷണൽ ആൻഡ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാച്വറൽ റിസോഴ്സസ് മാനേജ്മെന്റിൽ റിസർച്ച് അസോസിയേറ്റ്, സീനിയർ റിസർച്ച് ഫെലോ, ജൂനിയർ റിസർച്ച് ഫെലോ, ടെക്നിക്കൽ അസിസ്റ്റന്റ് ഒഴിവുകളിലേക്ക് താൽക്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഫെബ്രുവരി 27. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) Job Notifications എന്ന ലിങ്കിൽ ലഭിക്കും

### റിസർച്ച് അസോസിയേറ്റ്, സിസ്റ്റം അനലിസ്റ്റ്, ഫീൽഡ് അസിസ്റ്റന്റ്/ ടെക്നിക്കൽ അസിസ്റ്റന്റ് ഒഴിവ്

കേരള സർവകലാശാല കാര്യവട്ടം ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ജിയോ സ്പേഷ്യൽ ഇൻഫർമേഷൻ സയൻസ് ആൻഡ് ടെക്നോളജിയിൽ റിസർച്ച് അസോസിയേറ്റ്, ഫീൽഡ് അസിസ്റ്റന്റ്/ ടെക്നിക്കൽ അസിസ്റ്റന്റ് ഒഴിവിലേക്ക് താൽക്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഫെബ്രുവരി 27. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in.) Job Notifications എന്ന ലിങ്കിൽ ലഭിക്കും.

## ബി.സി.എ പ്രാക്ടിക്കൽ

കേരള സർവകലാശാല നവംബറിൽ നടത്തിയ കരിയർ റിലേറ്റഡ് അഞ്ചാം സെമസ്റ്റർ ബി.സി.എ. പ്രാക്ടിക്കൽ പരീക്ഷകൾ ഫെബ്രുവരി 23-ന് ആരംഭിക്കും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ടെക് ടൈംടേബിൾ

കേരള സർവകലാശാല കമ്പയിൻഡ് ഒന്ന്, രണ്ട് സെമസ്റ്റർ ബി.ടെക് 2013 സ്കീമിൽ വരുന്ന ഒന്നാം സെമസ്റ്റർ പാർട്ട് ടൈം 2013 സ്കീം പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ടെക് ടൈംടേബിൾ

കേരള സർവകലാശാല എട്ടാം സെമസ്റ്റർ ബി.ടെക് (2008 സ്കീം - പാർട്ട് ടൈം - റീസ്ട്രക്ച്ചേർഡ്) പരീക്ഷയുടെയും എട്ടാം സെമസ്റ്റർ 2008 സ്കീമിൽ വരുന്ന ഏഴാം സെമസ്റ്റർ, ആറാം സെമസ്റ്റർ, നാലാം സെമസ്റ്റർ പാർട്ട് ടൈം പരീക്ഷകളുടേയും ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും

## എം.എഡ് വൈവ ടൈംടേബിൾ

കേരള സർവകലാശാല ഡിസംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എഡ് സ്പെഷ്യൽ എഡ്യൂക്കേഷൻ (ഏക വർഷ പ്രോഗ്രാം - സപ്ലിമെന്ററി) വൈവ പരീക്ഷ ഫെബ്രുവരി 20-ന് തൈക്കാട് ഗവ. കോളേജ് ഓഫ് ടീച്ചർ എജ്യുക്കേഷനിൽ നടത്തും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.ബി.എ ടൈംടേബിൾ

കേരള സർവകലാശാല മൂന്നാം സെമസ്റ്റർ എം.ബി.എ (2014 & 2009 സ്കീം) പരീക്ഷ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.പി.എ പ്രാക്ടിക്കൽ

കേരള സർവകലാശാല നവംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.പി.എ (വോക്കൽ, മൃദംഗം) പരീക്ഷയുടെയും ജനുവരിയിൽ നടത്തിയ ഒന്നും മൂന്നും സെമസ്റ്റർ ബി.പി.എ (മൃദംഗം) പരീക്ഷയുടെയും പ്രാക്ടിക്കൽ ഫെബ്രുവരി 20 മുതൽ ശ്രീ സ്വാതിതിരുനാൾ സംഗീത കോളേജിൽ നടത്തും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ഡിഗ്രി (റീസ്ട്രക്ച്ചേർഡ്) സപ്ലിമെന്ററി പരീക്ഷകേന്ദ്രങ്ങളിൽ മാറ്റം

കേരള സർവകലാശാല ഫെബ്രുവരി 21-ന് ആരംഭിക്കുന്ന ആറാം സെമസ്റ്റർ ബി.എ/ബിഎസ്സി/ബി.കോം/ബി.സി.എ (റീസ്ട്രക്ച്ചേർഡ്) സപ്ലിമെന്ററി പരീക്ഷയ്ക്ക് ധനുവച്ചപ്പുരം സി.എ.എസ്, മണക്കാട് നാഷണൽ കോളേജ്,

പിരപ്പൻകോട് യു.ഐ.ടി, കാഞ്ഞിരംകുളം കെ.എൻ.എം. ഗവ. കോളേജ്, പാങ്ങോട് മന്നാനിയ കോളേജ്, ചാവർകോട് സി.എച്ച്.എം.എം., കാര്യവട്ടം ഗവ. കോളേജ്, വർക്കല എസ്.എൻ കോളേജ്, പെരിങ്ങമല ഇക്ബാൽ കോളേജ്, തിരുവനന്തപുരം ഗവ. വിമൻസ് കോളേജ് എന്നീ കേന്ദ്രങ്ങൾ ആവശ്യപ്പെട്ടവർ തിരുവനന്തപുരം കുറവൻകോണം യു.ഐ.ടി-യിൽ നിന്നും ഹാൾടിക്കറ്റ് കൈപറ്റി അവിടെ പരീക്ഷയെഴുതണം. അടൂർ സി.എ.എസ്, അടൂർ കെ.വി.വി.എസ് കോളേജ്, കൊല്ലം യു.ഐ.ടി, കൊല്ലം എസ്.എൻ, അടൂർ യു.ഐ.ടി, ചാത്തനൂർ എസ്.എൻ കോളേജ്, കടയ്ക്കൽ പി.എം.എസ്.എ കോളേജ് എന്നീ കേന്ദ്രങ്ങൾ ആവശ്യപ്പെട്ടവർ കൊല്ലം യു.ഐ.ടി-യിൽ നിന്നും ഹാൾടിക്കറ്റ് കൈപറ്റി അവിടെ പരീക്ഷയെഴുതണം. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും

തിരുവനന്തപുരം.
17.02.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**